പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5375 — 04.07.2013-ൽ മറുപടിയ്ക്ക്

നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) അവശ്യമരുന്നുകളുടെ വില നിയന്ത്രണം ലക്ഷ്യമാക്കി നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി പുറപ്പെടുവിച്ച ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പകർപ്പ് ലഭ്യമാക്കുമോ ; | (എ)അവശ്യമരുന്നുകളുടെ വിലനിയന്ത്രണം ലക്ഷ്യമാക്കി 191 അവശ്യമരുന്നുകൾക്ക് വിലനിയന്ത്രണം National Pharmaceutical Pricing Authority പുറപ്പെടുവിച്ച ഉത്തരവ് No.1442 (E) 1692 (E) dated 14th June 2013 & Notification No. 1793(E) to 1832(E) dated 21/06/2013 ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. www.nppaindia.nic.in എന്ന വെബ് സൈറ്റിൽ വിലനിയന്ത്രണം ഏർപ്പെടുത്തിയ മരുന്നുകളുടെ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ഉത്തരവ് ഫലപ്രദമായി നടപ്പിലാക്കുവാൻ ഡ്രഗ്സ് കൺട്രോളർമാർക്കും മരുന്ന് വിതരണക്കാർക്കും എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | (ബി) എൻ.പി.പി.എ വില നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള സീലിംഗ് പ്രൈസ് റീപ്രിന്റ്/റീലേബൽ ചെയ്യാൻ നിശ്ചിത സമയപരിധി പ്രസ്തുത മരുന്ന് നിർമ്മാതാക്കൾക്ക് അനുവദിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിലൂടെ സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന പ്രസ്തുത ലിസ്റ്റിൽപ്പെടുന്ന 348 മരുന്നുകൾ ഓരോന്നിനും എന്തു വിലകുറയും എന്ന് ഡ്രഗ്സ് കൺട്രോളറും വകുപ്പും പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (സി) പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിലൂടെ സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന അവശ്യമരുന്നുകളുടെ പട്ടികയിൽ ഉൾപ്പെടുന്ന ആന്റിബയോട്ടിക്കുകൾക്ക് 50-60% ഉം ആന്റി കാൻസർ മരുന്നുകൾക്ക് 75-80% ഉം മറ്റുള്ള മരുന്നുകൾക്ക് 20-30% വരെയും വില കുറവ് ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ഡി) പ്രസ്തുത ഉത്തരവ് ലംഘിക്കുന്നവർക്കെതിരെ എന്തു നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | (ഡി)നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി നിശ്ചയിച്ചുറപ്പിച്ചിട്ടുള്ളതും നിലവിലുള്ള പ്രൈസ് ലിസ്റ്റിൽ നിർദ്ദേശിച്ചിരിക്കുന്നതുമായ വില അല്ലെങ്കിൽ മരുന്നിന്റെ പായ്ക്കറ്റിൽ സൂചിപ്പിച്ചിരിക്കുന്ന പരമാവധി വില, ഇതിലേതാണോ കുറവ് ആ വിലയേക്കാൾ കൂടുതൽ വിലയ്ക്ക് മരുന്നു വിൽക്കുവാൻ പാടുള്ളതല്ല എന്ന് അവശ്യ സാധനനിയമത്തിൻ കീഴിലുള്ള ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ഈ നിയമം ലംഘിച്ച് അമിത വിലയ്ക്ക് മരുന്നുകൾ വിൽക്കുന്നവർക്കെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് കർശനനടപടികൾ എടുക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ